## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : **5850** 09/07/2012-ൽ മറുപടിയ്ക്ക്

### തുടർച്ചാനുമതിയില്ലാതെ പ്രവർത്തിക്കുന്ന റവന്യൂ കാര്യാലയങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ കീഴിൽ താല്ക്കാലികമായി തുടർച്ചാനുമതി നൽകി പ്രവർത്തിക്കുന്ന ഏതെല്ലാം ഓഫീസുകളുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ കീഴിൽ താല്ക്കാലികമായി തുടർച്ചാനുമതി നൽകി പ്രവർത്തിക്കുന്ന ഓഫീസുകളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഓരോ ഓഫീസിനും തുടർച്ചാനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി)<br>&<br>(സി) | ഓരോ യൂണിറ്റിലും നിലവിലുള്ള ജോലിയുടെ സ്വഭാവം കണക്കിലെടുത്ത് ആവശ്യമുള്ള തസ്തികകൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി ആവശ്യമായ കാലയളവിലേയ്ക്ക് മാത്രം തുടർച്ചാനുമതി നൽകുന്നതാണ്. |
| (സി) | ഏറ്റെടുത്ത ജോലികൾ പൂർത്തീകരിക്കാത്തതിനാൽ ഇത്തരം ഓഫീസുകളുടെ തുടർച്ചാനുമതി 2 വർഷത്തേക്കുകൂടി നീട്ടി നൽകുമോ ; | | |
| (ഡി) | തുടർച്ചാനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന ഓഫീസുകളിൽ ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഉണ്ട്. |
| (ഇ) | എങ്കിൽ ഇത്തരം ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് പ്രത്യേക ഉത്തരവ് നൽകുമോ ? | (ഇ) | ഈ ഓഫീസുകൾക്ക് തുടർച്ചാനുമതി നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**